Malayala Manorma

18 June 2018

Kochi: Pubic news

കലങ്ങിമറിഞ്ഞ കടലിൽ ചൂണ്ടക്കാർക്കു ചാകര

വൈപ്പിൻ ● കനത്ത മഴയിൽ കലങ്ങിമറിഞ്ഞ കടൽ ചൂണ്ടക്കാർക്കു ചാകരയൊരുക്കുന്നു. മഴയുടെ തണുപ്പു നുകരാൻ ജലപ്പരപ്പിന്റെ മുകൾഭാഗത്തേക്കെത്തുന്ന വിവിധതരം മീനുകളെ ലക്ഷ്യമിട്ടു കൊളുത്തുനീട്ടാൻ ബീച്ചുകളിൽ ഇപ്പോൾ ഒട്ടേറെപ്പേരാണ് എത്തുന്നത്.

നേരത്തേ നേരംപോക്കിനായി ചൂണ്ടയിടുന്നവരായിരുന്നു കൂടുതലെങ്കിൽ കുറഞ്ഞതു രണ്ടു നേരത്തെ കറിയും പറ്റിയാൽ മീൻവിൽപനയും ലക്ഷ്യമിട്ടാണ് ഇപ്പോൾ ഏറെപ്പേരും എത്തുന്നത്. പലരും കിട്ടുന്ന മീൻ വിറ്റഴിച്ചു മോശമല്ലാത്ത വരുമാനവുമുണ്ടാക്കുന്നുണ്ട്. അൽപം വൈദഗ്ധ്യവും ഭാഗ്യവും അതിനൊപ്പം ഒരുപാടു ക്ഷമയും ആവശ്യമുള്ള ജോലിയാണു ചൂണ്ടയിടലെന്ന് ഈ രംഗത്തുള്ളവർ പറയുന്നു. അല്ലാത്ത പക്ഷം വെറുംകയ്യുമായി മടങ്ങേണ്ടിവരും.

'കണ' എന്ന പേരിൽ അറിയപ്പെടുന്ന നീണ്ട വടിയുടെ അറ്റത്തു മൂന്നോ നാലോ മീറ്റർ നീളത്തിൽ ബലമുള്ള പ്ലാസ്റ്റിക് ചരടും അറ്റത്തൊരു കൊളുത്തും കൂടിയായാൽ നാടൻ ചൂണ്ട തയാറായി. പിന്നെ വേണ്ടതു മീനുകളെ ആകർഷിക്കാനുള്ള ഇരയാണ്. മണ്ണിരയും ചെമ്മീനും മുതൽ അരിമാവും പായക്കടയിൽ നിന്നുള്ള പലഹാരവും വരെ ഇരയായി ഉപയോഗിക്കും. നേരത്തേ വിവിധതരം മീനുകൾ ചൂണ്ടയിൽ കുരുങ്ങിയിരുന്നുവെങ്കിൽ ഇപ്പോൾ കിട്ടുന്നതു കൂരി മാത്രമാണ്. ഏറെപ്പേരും നാടൻ ചൂണ്ട ഉപയോഗിക്കുമ്പോൾ അരലക്ഷം രൂപ വരെ വിലയുള്ള വിദേശനിർമിത ചൂണ്ടയുമായി എത്തുന്നവരുമുണ്ട്. ഏറെ ദൂരത്തേക്കു ചൂണ്ടക്കൊളുത്ത് എത്തിക്കാൻ കഴിയുമെന്നതിനാൽ ഇക്കൂട്ടർക്കു വലിയ മീനുകളും ലഭിക്കും.

ഉപജീവനത്തിനായി ചൂണ്ട [illegible] ട്ടുന്നവർ ചിലപ്പോൾ കിട്ടുന്ന മീ[illegible] അവിടെയോ മാർക്കറ്റിലോ [illegible] ഴിക്കും. പിടിച്ചശേഷവും വെ[illegible] ത്തിൽ സൂക്ഷിക്കുന്നതിനാ[illegible] പിടയ്ക്കുന്ന പരുവത്തിലായി[illegible] ക്കും. ഇവ വാങ്ങാനെത്തുന്ന[illegible] രുടെ മുന്നിലേക്കെത്തുക. അ[illegible] കൊണ്ടുതന്നെ ചോദിക്കുന്ന [illegible] ലയും കിട്ടും. പ്രതിദിനം 2000 [illegible] വരെ സമ്പാദിക്കുന്ന ചൂണ്ടക[illegible] രുണ്ട്. മീൻ വിപണിയിൽ [illegible] തുവേ ക്ഷാമവും വിലക്കയറ്റ[illegible] മായതിനാലാണത്രെ ചൂണ്ടക[illegible] രുടെ എണ്ണം വർധിച്ചിരിക്കുന്ന[illegible] സംസ്ഥാനപാതയ്ക്കു പടിഞ്ഞ[illegible] റുഭാഗത്തു കടലിനോടു ചേർ[illegible] ള്ള പൊയിലുകളിൽ പണ്ടുമുത[illegible] ചൂണ്ടക്കാരുടെ സാന്നിധ്യം പതി[illegible] ണ്. കിഴക്കുഭാഗത്തെ കായലെ[illegible] ങ്ങളിലും അവധിദിനങ്ങളിൽ [illegible] റെ ചൂണ്ടക്കാർ എത്തുന്നുണ്ട്.

കടലിൽ ചൂണ്ടയിടുന്നവർ. ചാത്തങ്ങാട് കടപ്പുറത്തു നിന്നുള്ള ദൃശ്യം